"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ (ഭൂജല) വകുപ്പ് - പത്തനംതിട്ട ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായ ആരോപണം - വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ട് - അച്ചടക്ക നടപടി ഭാഗികമായി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജലവിഭവ (ഭൂജല) വകുപ്പ്**

സ.ഉ.(സാധാ) നം.341/2024/WRD തീയതി,തിരുവനന്തപുരം, 03-05-2024

പരാമർശം:-
1. V & ACB ഡയറക്ടറുടെ 19/11/2022 തീയതിയിലെ E4(SC!6/2022/PTA)35324/2021 നമ്പർ കത്ത്.
2. ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) 06/02/2024 തീയതിയിലെ CEIA/1175/2023/Vig. 1 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായ ആരോപണത്തിന്മേൽ V & ACB - യുടെ പത്തനംതിട്ട യൂണിറ്റ് 22/06/2022 തീയതിയിൽ പത്തനംതിട്ട ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസിൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെയുള്ള ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1. പത്തനംതിട്ട ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ദീപ. ബി മിന്നൽ പരിശോധന ദിവസം അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതായും, 18/06/2022 മുതൽ ഹാജർ രേഖപ്പെടുത്തിയിരുന്നില്ല എന്നും ബോധ്യപ്പെട്ടു.

2. ടി ഓഫീസിൽ അറ്റൻഡൻസ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിച്ചിരുന്നില്ല.

3. പരിശോധനയ്ക്കായി ശേഖരിക്കുന്ന സാമ്പിളുകളുടെ വിവരങ്ങളും അവയുടെ പരിശോധന വിവരങ്ങളും രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിച്ചിരുന്നില്ല.

4. Compressive strength പരിശോധിക്കുന്നതിനായി ശേഖരിക്കുന്ന കോൺക്രീറ്റ് ക്യൂബുകൾ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വലിൽ അനുശാസിക്കുന്ന വിധത്തിൽ സീൽ ചെയ്ത് ക്യൂറിങ്ങ് നടത്തി ബന്ധപ്പെട്ട ലബോറട്ടറിയിലേയ്ക്ക് നേരിട്ട് എത്തിക്കേണ്ടതിന് പകരം പ്രവർത്തി

ചെയ്ത കരാറുകാരുടെ കൈവശം കൊടുത്തുവിടുകയാണ് ചെയ്തുവരുന്നത്.

**II. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ**

1. ശ്രീമതി. ദീപ. ബി, അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസ്, പത്തനംതിട്ട.

2. ശ്രീ. ജോസ്. പി. ഡാനിയൽ, ഓവർസിയർ ഗ്രേഡ് - I, ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസ്, പത്തനംതിട്ട.

3. ശ്രീമതി. ലക്ഷ്മി മോഹൻ, ഓവർസിയർ ഗ്രേഡ് - III, ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസ്, പത്തനംതിട്ട.

4 . ശ്രീമതി. ബിനീഷ. എൻ, ഓവർസിയർ ഗ്രേഡ് - III, ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസ്, പത്തനംതിട്ട.

III. പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിൽ ചുവടെയുള്ള ശിപാർശകളാണ് V & ACB നൽകിയിരുന്നത്.

1. ഒന്നു മുതൽ നാലു വരെ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ദീപ. ബി - യിൽ നിന്നും വിശദീകരണം വാങ്ങി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

2. പത്തനംതിട്ട ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസിൽ അറ്റൻഡൻസ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, സാമ്പിൾ പരിശോധന രജിസ്റ്റർ എന്നിവ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിപാലിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

3. ഒന്നു മുതൽ നാലു വരെയുള്ള ക്രമക്കേടുകൾക്ക് എഞ്ചിനീയർക്കൊപ്പം ഉത്തരവാദികളായ ശ്രീ. ജോസ്. പി. ഡാനിയേൽ, ശ്രീമതി. ലക്ഷ്മി മോഹൻ, ശ്രീമതി. ബിനീഷ. എൻ എന്നീ ഓവർസിയർമാരിൽ നിന്നും വിശദീകരണം വാങ്ങി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

IV. വിജിലൻസ് വകുപ്പ്, മേൽ റിപ്പോർട്ട് ഈ വകുപ്പിന് നൽകി ശിപാർശ 1, 3 എന്നിവയിൽ തുടർനടപടി സ്വീകരിക്കുവാൻ ഈ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു.

V. വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം, ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി ആയതിൽ വ്യക്തമായ ശിപാർശ പ്രകാരം സർക്കാരിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൽ ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും) പരാമർശം (2) പ്രകാരം ചുവടെയുള്ള കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

VI. ജൂൺ മാസത്തെ ഹാജർ പരിശോധിച്ചതിൽ 18/06/2022 - ന് ശ്രീമതി. ദീപ. ബി

ഓഫിസിൽ ഹാജരായിരുന്നു. 20/06/2022, 21/06/2022 തീയതികളിൽ O . D ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. 22/06/2022 രാവിലെ കാഷ്വൽ ലീവും ഉച്ചയ്ക്ക് ശേഷം ഓഫീസിൽ ഹാജരായിരുന്നു. 20/06/2022, 21/06/2022 തീയതികളിൽ ഇൻസ്പെക്ഷൻ നടത്തിയതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്നും.

ശ്രീ. ജോസ്. പി. ഡാനിയേൽ, ഓവർസീയർ ഗ്രേഡ് - I, പരിശോധനക്കായി എത്തിക്കുന്ന സാമ്പിൾ വിവരങ്ങൾ സാമ്പിൾ ശേഖരിച്ച കൊണ്ടുവരുന്ന ദിവസം തന്നെ ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർക്കാറുണ്ട് എന്നും

ശ്രീമതി. ലക്ഷ്മി മോഹൻ, ഓവർസീയർ ഗ്രേഡ് - III, വിജിലൻസ് പരിശോധന ദിനം കാഷ്വൽ ലീവിൽ ആയിരുന്നുവെന്നും, 14/06/2022 മുതൽ 21/06/2022 വരെയുള്ള കാലയളവിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്നും.

ശ്രീമതി. ബിനിഷ. എൻ, ഓവർസിയർ ഗ്രേഡ് - III, പരിശോധന ദിവസം ഓഫീസിൽ ഹാജരാിരുന്നുവെന്നും, ക്യാഷ് രജിസ്റ്ററിൽ തുക കൃത്യമായി രേഖപ്പെടുത്തിയിരുന്നതായും, മേലധികാരി പറയുന്നത് മാത്രം അനുസരിക്കുക മാത്രമായിരുന്നു എന്നും വിശദീകരണങ്ങൾ അറിയിച്ചിട്ടുണ്ട് എന്നും ആയതിനാൽ ശ്രീ. ജോസ്. പി. ഡാനിയേൽ, ഓവർസീയർ ഗ്രേഡ് - I, ശ്രീമതി. ലക്ഷ്മി മോഹൻ, ഓവർസീയർ ഗ്രേഡ് - III, ശ്രീമതി. ബിനിഷ. എൻ, ഓവർസിയർ ഗ്രേഡ് - III എന്നിവരെ ഇവരുടെ വിശദീകരണം അംഗീകരിച്ച് കൊണ്ട് ഇവരെ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ് എന്നും ശിപാർശ ചെയ്തിരുന്നു.

VII. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജോസ്. പി. ഡാനിയേൽ, ഓവർസീയർ ഗ്രേഡ് - I, ശ്രീമതി. ലക്ഷ്മി മോഹൻ, ഓവർസീയർ ഗ്രേഡ് - III, ശ്രീമതി. ബിനിഷ. എൻ, ഓവർസിയർ ഗ്രേഡ് - III എന്നിവരെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി. ദീപ. ബി, അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെയുള്ള അച്ചടക്ക നടപടികൾ തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ ( ജലസേചനവും ഭരണവും), തിരുവനന്തപുരം.

ശ്രീ. ജോസ്. പി. ഡാനിയേൽ, ഓവർസിയർ, ഗ്രേഡ് - I,

ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസ്, പത്തനംതിട്ട.

ശ്രീമതി. ലക്ഷ്മി മോഹൻ, ഓവർസിയർ ഗ്രേഡ് - III,

ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസ്, പത്തനംതിട്ട.

ശ്രീമതി. ബിനീഷ. എൻ, ഓവർസിയർ ഗ്രേഡ് - III,

ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസ്, പത്തനംതിട്ട.

വിജിലൻസ് (ഡി) വകുപ്പ്(വിജി- D2/313/2022- വിജി.).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് ( വെബ് ആന്റ് ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Julie K S
സെക്ഷൻ ഓഫീസർ
Date: 06-05-2024 11:28:21